**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 251** — **06.10.2016 ൽ മറുപടിയ്ക്ക്**

## എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. യു.ആർ. പ്രദീപ് | | പ്രൊഫ.സി. രവീന്ദ്രനാഥ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സർക്കാരിന്റെ അനുമതിയില്ലാതെ എയ്ഡഡ് സ്ക്കൂൾ മാനേജ്മെന്റുകൾ സ്ക്കൂളുകൾ സ്വമേധയാ അടച്ചുപൂട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലെ നിയമമനുസരിച്ച് എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. കേരള വിദ്യാഭ്യാസ ആക്റ്റ് 1958 സെക്ഷൻ 7(6) [കെ.ഇ.ആർ. അദ്ധ്യായം V റൂൾ 24] പ്രകാരം ഒരു അദ്ധ്യയന വർഷം ആരംഭിക്കുന്നതിനും ഒരു വർഷം മുമ്പ് അതായത് നോട്ടീസിന്റെ കാലാവധി മേയ് 31-ന് അവസാനിക്കുംവിധം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജ്മെന്റ് നോട്ടീസ് നൽകേണ്ടതാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളുടെ വിവിധ വശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ വിവിധ കാരണങ്ങളാൽ സ്കൂളുകൾ അടച്ചുപൂട്ടുന്നതിലേക്ക് നീങ്ങുന്ന ഒരു പ്രവണതയും കെ.ഇ.ആർ ചട്ടം മറയാക്കി സ്കൂളുകൾ അടച്ചു പൂട്ടുന്നതിന് കോടതിയിൽ നിന്ന് അനുകൂല വിധി |

നേടിയെടുക്കുന്നതും ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ ആക്റ്റ് 1958 സെക്ഷൻ 7(6) ൽ സ്കൂളുകൾ അടച്ചുപൂട്ടുന്നതിനു സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന് നിഷ്കർഷിക്കുന്ന ഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്.

| | | | |
|---|---|---|---|
| (സി) | ഇത്തരം സ്ക്കൂളുകളുടെ ഉടമസ്ഥാവകാശം വ്യാപകമായി കൈമാറ്റം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | 1959 – ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം III 5A പ്രകാരം എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. |

Hema.V

സെക്ഷൻ ഓഫീസർ